# ഒളവിലം എൽ- പി സ്കൂൾ, കവിയൂർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

# സ്കൂളിന്റെ ചരിത്രം

ഡോ. ഹെർമൻ ഗുണ്ടർട്ടിനെ മലയാളവും, സംസ്കൃതവും പഠിപ്പിച്ചിരുന്ന ഊരാച്ചേരി ഗുരുനാഥരിൽ പ്രധാനിയായ കുഞ്ഞിക്കണ്ണൻ ഗുരുനാഥന്റെ ശിഷ്യനായിരുന്ന പൊക്കൻ ഗുരുക്കളാണ് 1870-ൽ ഈ വിദ്യാലയം സ്ഥാപിച്ചത്. പഴയ ഒളവിലം പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം എന്ന നിലയിൽ ഇതിന് ഒളവിലം എൽ. പി സ്കൂൾ എന്ന് നാമകരണം ചെയ്തു. ഇന്ന് ചൊക്ലി പഞ്ചായത്തിലെ പ്രഥമ വിദ്യാലയം എന്ന സ്ഥാനവും ഈ സ്ഥാപനത്തിനാണ്. പൊക്കൻ ഗുരുക്കളുടെ കാലശേഷം അദ്ദേഹത്തിന്റെ മൂന്നാമത്തെ പുത്രനായ മൺവശേരി ഗോവിന്ദൻ ഗുരുക്കൾ മാനേജരുടെയും, പ്രധാനാധ്യാപകന്റെയും ചുമതലകൾ ഏറ്റെടുത്തു. അദ്ദേഹം വൈക്കിലേരി പറമ്പിൽ 9 സെന്റ് സ്ഥലം വിലയ്ക്ക് വാങ്ങി.

സർക്കാർ സഹായത്തോടെ 1920-ൽ പുതിയ കെട്ടിടം പണിയുകയുമുണ്ടായി. കായിക വിദ്യാഭ്യാസത്തിൽ തൽപരനായിരുന്ന ഗോവിന്ദൻ ഗുരുക്കൾ പിന്നീട് വാങ്ങിയ 15 സെന്റ് സ്ഥലത്ത് സ്കൂളിന്

വേണ്ടി ഒരു കളിസ്ഥലം ഉണ്ടാക്കി.

1925-ൽ ഈ വിദ്യാലയത്തെ ഒരു ഹയർ എലിമെന്ററി വിദ്യാലയം ആക്കുന്നതിന്റെ ഭാഗമായി ആറാം ക്ലാസ് പ്രവർത്തനമാരംഭിച്ചു. എന്നാൽ മറ്റ് സൗകര്യങ്ങൾ കണക്കിലെടുത്ത് 1926-ൽ ഗോവിന്ദൻ ഗുരുക്കളും, കോട്ടയിൽ കൃഷ്ണൻ മാസ്റ്ററും ചേർന്ന് ചൊക്ലി ടൗണിൽ ഒരു ഹയർ എലിമെന്ററി വിദ്യാലയം ആരംഭിക്കുകയും മുൻപ് തുടങ്ങിയ ആറാം ക്ലാസ് ഈ സ്കൂളിലേക്ക് മാറ്റുകയും ചെയ്തു.

പൊതുലക്ഷ്യങ്ങൾ

അധ്യായന വർഷാരംഭത്തിൽ ഓരോ ക്ലാസിൽ നിന്നും പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ നേടേണ്ട ശേഷികൾ അതാത് ക്ലാസുകളിൽ പ്രീടെസ്റ്റ് നടത്തി അടിസ്ഥാന ശേഷി നേടിയിട്ടുണ്ടോ എന്ന് പരിശോധിച്ച് പരിഹാരബോധനം നടത്തി മെച്ചപ്പെടുത്തും.

വിവിധ വ്യവഹാര രൂപങ്ങൾ തിരിച്ചറിയാനും അവ സന്ദർഭോചിതമായി പ്രയോഗിക്കാനുള്ള കഴിവ് നേടിയിരിക്കണം. വിവിധ വ്യവഹാര രൂപങ്ങൾ സർഗാത്മകമായി ആവിഷ്കരിക്കാൻ കഴിവ് നേടണം.

ഓരോ ക്ലാസിലും ഗണിത ശേഷികൾ നേടിയിട്ടു-ണ്ടോ എന്ന് ഉറപ്പ് വരുത്തണം. സംഖ്യാബോധം, ചതുഷ്ക്രിയകൾ എന്നിവ ഉറപ്പിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കും.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26

## ആമുഖം

സംസാരഭാഷ ശ്രവണാനുഭവത്തിൽ നിന്ന് നേടിയ ശേഷിയുടെ തികവ് അറിഞ്ഞ ശേഷമാണ് ലേഖനരീതിയെക്കുറിച്ച് കുട്ടികൾ അറിഞ്ഞു തുടങ്ങുന്നത്. കുട്ടികൾക്ക് സംസാര ഭാഷാശേഷിയെക്കാൾ പ്രയാസം ലേഖനത്തിൽ അനുഭവപ്പെടുന്നുണ്ട്.

വായനയും ഭാഷയുമായുള്ള അഭേദ്യമായുള്ള ബന്ധം ലേഖന പരിശീലനത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു.

വിദ്യാർത്ഥികളിൽ വലിയ പങ്കും ഉച്ചാരണത്തിലെന്നപോലെ എഴുത്തിലും ധാരാളം തെറ്റുകൾ വരുത്തുന്നതായി കാണപ്പെടുന്നു. ഇതിന്റെ കാരണങ്ങൾ പരിശോധിച്ച് കണ്ടെത്തി പരിഹാര പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് ഈ പ്രോജക്ടിലൂടെ ലക്ഷ്യമിടുന്നത്.

## ലക്ഷ്യങ്ങൾ

ഒന്ന്, രണ്ട് ക്ലാസുകളിൽ മലയാള ഭാഷയിൽ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിനുവേണ്ടിയുള്ള ശേഷികൾ നേടാൻ കുട്ടികളെ പ്രാപ്തരാക്കുക.

അക്ഷരത്തെറ്റില്ലാതെ ലഘുവാക്യങ്ങൾ വായിക്കാൻ കഴിവുണ്ടാക്കുക.

ചിത്രവായന പ്രോത്സാഹിപ്പിക്കൽ.

മൂന്ന്, നാല് ക്ലാസുകളിൽ ലഘുവാക്യങ്ങൾ നിർമ്മിക്കാനും വായിക്കാനുമുള്ള കഴിവുണ്ടാക്കുക.

വിവിധ വ്യവഹാര രൂപങ്ങളിൽ പ്രാവീണ്യം നേടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.

ഘടനാപരമായ തെറ്റുകൂടാതെ ലഘുവാക്യങ്ങൾ ഉൾപ്പെട്ട കുറിപ്പുകൾ തയ്യാറാക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.

പഠന പ്രവർത്തന സാമഗ്രികൾ

* പഠന ചാർട്ടുകൾ
* ചെറുകഥകൾ
* ചിത്രങ്ങൾ
* A4 ഷീറ്റ്, ചാർട്ട് പേപ്പർ, സ്കെച്ച് പെൻ, മാർക്കർ പെൻ, ക്രയോൺ, വർക്ക്ഷീറ്റ്

ലൈബ്രറി പുസ്തകങ്ങൾ, വായനക്കാർഡ്.

പ്രവർത്തനപരിപാടി

2018 ജൂൺ മാസം മുതൽ 2021 മാർച്ച് മാസം വരെ നിശ്ചിത ദിവസങ്ങളിൽ ആഴ്ചയിൽ 2 ദിവസം രണ്ട് മണിക്കൂർ വീതം ഈ പ്രവർത്തനങ്ങൾ നടത്തുന്നു.

പരിപാടിയിൽ പ്രീ ടെസ്റ്റ്, വിലയിരുത്തൽ, പദസൂര്യൻ, ആരോണമണിയിക്കൽ, പദനിർമ്മാണം, പദ ചങ്ങല, വിട്ടുപോയവരെ കണ്ടെത്തൂ, കേട്ടെഴുത്ത്, ചിത്രം നോക്കി കഥ പറയൽ, വളരുന്ന വാക്യം, വിവിധ വ്യവഹാര രൂപങ്ങൾ പരിചയപ്പെടുത്തൽ, സൂചനകളിൽ നിന്നു കുറിപ്പ് തയ്യാറാക്കൽ മത്സരം എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

2025 – 26

| പ്രവർത്തനങ്ങൾ | ഉ. പ്രവർത്തനങ്ങൾ | സമയക്രമം | ചുമതല | സാമ്പത്തികം | മോണിറ്ററിങ് |
|---|---|---|---|---|---|
| പ്രീടെസ്റ്റും വിലയിരുത്തലും | ഫോർമാറ്റ് തയ്യാറാക്കലും കണ്ടെത്തലുകൾ രേഖപ്പെടുത്തലും | 2025 ജൂൺ 11 മുതൽ 22 വരെ | ദിവ്യ. വി<br>ബിന്ദ്യ. കെ. പ്രഭാകർ | 500 | അമ്മു രമേഷ്<br>അജിത. |
| പദസൂര്യൻ<br><br>ആഭരണമണിയിക്കൽ | പരിചിതമായ അക്ഷരങ്ങൾ കൊണ്ടുത്ത് വാക്യങ്ങൾ നിർമ്മിക്കൽ<br><br>തെരഞ്ഞെടുത്ത വാക്യങ്ങൾ ചിഹ്നങ്ങൾ ചേർക്കാതെ ചാർട്ടിലെഴുതി ചിഹ്നങ്ങൾ ചേർത്ത് പൂർത്തിയാക്കൽ | 2025 ജൂലൈ 2 മുതൽ ഒക്ടോബർ 31 വരെ | അഞ്ജലി. ആർ | 100 | പ്രധാനാധ്യാപിക. |
| വളരുന്ന വാക്യം | വാക്യങ്ങൾ നൽകി വിശേഷണങ്ങൾ ചേർത്ത് വാക്യനിർമ്മാണത്തിൽ എത്തിക്കൽ | 2025 നവംബർ 1 മുതൽ 2026 മാർച്ച് വരെ | ദിവ്യ. വി | 100 | അമ്മു രമേഷ്<br>ബിന്ദ്യ. കെ. പ്രഭാകർ |

2025 – 26

| പ്രവർത്തനങ്ങൾ | ഉപപ്രവർത്തനങ്ങൾ | സമയക്രമം | ചുമതല | സാമ്പത്തികം | മോണിറ്ററിങ് |
|---|---|---|---|---|---|
| പദനിർമ്മാണം<br><br>കേട്ടെഴുത്ത് | തെരഞ്ഞെടുത്ത വ്യഞ്ജനാക്ഷരങ്ങൾ ചേർത്ത് പദങ്ങൾ നിർമ്മിക്കൽ<br><br>കേട്ടെഴുതിയ വാക്ക് / വിവരണം / കഥ പരിശോധിക്കുന്നു. തെറ്റുണ്ടെങ്കിൽ തിരുത്തി പരിശോധിക്കുന്നു. | 2025 ജൂലൈ 2 മുതൽ സെപ്തംബർ 20 വരെ | ദിവ്യ. വി<br><br>സൗമ്യ രമേഷ് | 250 | സുജ<br><br>വിദ്യ. കെ. പ്രഭാകർ |
| പദചങ്ങല<br><br>കണ്ടെഴുത്ത് | ഒരു പദം കൊടുത്ത് ആ പദത്തിലെ അവസാനത്തെ അക്ഷരംകൊണ്ട് പുതിയ പദം നിർമ്മിച്ച് പദചങ്ങല പൂർത്തിയാക്കൽ<br><br>പാഠപുസ്തകം / വായനകാർഡ് നൽകി പറയുന്ന പദങ്ങൾ കണ്ടെത്തി എഴുതൽ | 2025 ഒക്ടോബർ 3 മുതൽ 2026 മാർച്ച് വരെ | സൗമ്യ രമേഷ്<br><br>വിദ്യ. കെ. പ്രഭാകർ | 250 | അഞ്ജലി. ആർ. |

2025 – 26

| പ്രവർത്തനങ്ങൾ | 7. പ്രവർത്തനങ്ങൾ | സമയക്രമം | ചുമതല | സാമ്പത്തികം | മോണിറ്ററിങ് |
|---|---|---|---|---|---|
| ചിത്രം നോക്കി കഥപറയൽ | കഥാചിത്രം ചാർട്ടിൽ ഒട്ടിച്ച് കഥ പറയാനും, എഴുതാനും കുട്ടികൾക്ക് അവസരം കൊടുക്കൽ | 2025 ജൂലായ് മുതൽ സെപ്റ്റംബർ 15 വരെ | അഞ്ജലി.ആർ ദിവ്യ.വി | 500 | പ്രധാനാധ്യാപിക. |
| വിവിധ വ്യവഹാര രൂപങ്ങൾ പരിചയപ്പെടുത്തൽ | ലൈബ്രറി പുസ്തക പ്രദർശനത്തിലൂടെ വ്യത്യസ്ത വ്യവഹാര രൂപങ്ങളെ പരിചയപ്പെടുത്താനുള്ള അവസരം ഒരുക്കുന്നു. | 2025 ഒക്ടോബർ 6 മുതൽ 2026 മാർച്ച് 9 വരെ | അഞ്ജലി.ആർ ദിവ്യ.വി | 550 | അനന്യ രമേശ് |
| സൂചനകളിൽ നിന്ന് കുറിപ്പ് തയ്യാറാക്കൽ മത്സരം | തിരിച്ചറിഞ്ഞ കുട്ടികൾക്ക് കുറിപ്പ് തയ്യാറാക്കാൻ അവസരം നൽകുന്നു. തുടർ പ്രവർത്തനമായി വായനശാല സന്ദർശനം. | | | | |

## Preface

Our pupils Confront lack of fluency in English. In classroom they can't express their ideas in Simple English. Through this activities we use the apt methods for developing easy Communication skill among the children.

## Objectives

To develop speaking ability

To Create Confidence among pupils.

To Create Self Confidence in using English.

## Materials

- ICT
- chart
- story books.
- One-act-plays.

## Activites

- Introduce Simple Stories.
- prepare choreography.
- Role-play.
- Dialougue preparation
- Dialougue presentation.

2025 – 26

| Activity | Sub-Activity | Time | Duty | Finance | Monitoring. |
|---|---|---|---|---|---|
| Pre-test and valuation | Prepare format and value the result | 2025 July | Anjali.R Bindhya.K Prabhakar | | H.M |
| Introduce simple stories | Select simple stories from all available sources. Prepare events in sequence | 2025 August to Nov | Divya.D Amannie Ramesh | | Alka |
| Prepare choreography | Divide the learners into two groups. Select a chorus for singing from each group. Then fix the characters and present | 2025 Dec to 2026 March | | | |

2025 – 26

| Activity | Sub. Activity | Time | Duty | Finance | Monitoring |
|---|---|---|---|---|---|
| Dialogue preparation | . To give the chance to learn the stories.<br>. To give the chance to watch videos.<br>. To give the chance to prepare conversation<br>. Use ICT | 2025 July to Nov | Anjali. R<br>Divya. D | | HM |
| Dialogue presentation | . Fix the chance and characters.<br>. Select the apt dialogues<br>. Use familiar words based on the themes | 2025 Dec to 2026 March | Anjali. R<br>Amanna Ramesh | | H. M |

2025 – 26

| Activity | Sub. Activity | Time | Duty | Finance | Monitoring |
|---|---|---|---|---|---|
| Role-play | · Divide the whole students into groups.<br>· Find out main events from the story.<br>· Fix the location<br>· Select the actors.<br>· Build up the dialogues.<br>· Encourage the groups to present the dialogues.<br>· Allow them to write the script.<br>· Give the chance to present. | 2025 July to 2026 March. | Baby<br>Anjali R<br>Divya. D | | H.M |

## ആമുഖം

കുട്ടികളിൽ ചെറിയ ക്ലാസുകളിൽ നിന്നു തന്നെ ശാസ്ത്രബോധം ഉണ്ടാക്കുന്നതിനും, ശാസ്ത്രീയ ചിന്ത വളർത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. അശാസ്ത്രീയ ധാരണകൾ മുതിർന്നവരെപ്പോലും ഗണ്യമായി സ്വാധീനിക്കുന്ന സാഹചര്യത്തിൽ ഇതിനു പ്രസക്തിയുണ്ടെന്നു കരുതുന്നു.

## ലക്ഷ്യങ്ങൾ

- ശാസ്ത്രീയ ചിന്ത വളർത്തൽ.
- തെളിവധിഷ്ഠിത നിഗമനങ്ങൾ രൂപീകരിക്കൽ.
- ശാസ്ത്രാന്വേഷണത്തിന്റെ രീതി മനസ്സിലാക്കൽ.
- നിഗമനങ്ങളുടെ സാധുത പരിശോധിക്കൽ.
- ശാസ്ത്ര തത്വങ്ങൾ രൂപീകരിക്കൽ.

## സാമഗ്രികൾ

ഐസ്, മെഴുക്, സ്പൂൺ, കപ്പ്, മെറ്റൽ ട്രേ, മെഴുകുതിരി, ഗ്ലാസ്, തീപ്പെട്ടി, ചിരട്ട, മണ്ണ്, കോട്ടൺ, വിത്തുകൾ, ബലൂൺ, ബീക്കർ, സ്പിരിറ്റ് ലാമ്പ്.

## പ്രവർത്തനങ്ങൾ:

- ഖരം, ദ്രാവകം, വാതകം എന്നീ അവസ്ഥകൾ തിരിച്ചറിയുന്ന പ്രവർത്തനങ്ങൾ.
- വിത്തു മുളയ്ക്കാനുള്ള സാഹചര്യം.

- ചലിക്കുന്ന വായുവിന് ശക്തിയുണ്ട്.
- ലഘു പരീക്ഷണങ്ങളുടെ ശാസ്ത്രജ്ഞന്
- അറിയാം, തെളിയാം
- ചെടിക്ക് ദാഹമോ

| പ്രവർത്തനങ്ങൾ | 2. പ്രവർത്തനങ്ങൾ | സമയക്രമം | ചുമതല | സാമ്പത്തികം | മോണിറ്ററിങ്ങ് |
|---|---|---|---|---|---|
| മെഴുക് പ്രവർത്തനം രൂപമാറ്റം. | മെഴുക് ഉരുക്കിയാലുള്ള മാറ്റം എന്ന പ്രശ്നം നിത്യജീവിതത്തിൽ പരിചിതമാണ്. ഒരു സ്പൂൺ മെഴുക് ചൂടാക്കിയ ശേഷവും, അത് തണുത്ത ശേഷവും ഉണ്ടായ മാറ്റങ്ങൾ നിരീക്ഷിച്ച് എഴുതാൻ പറയുന്നു. | 2025 ഒക്ടോബർ 13 മുതൽ 2025 നവംബർ 23 വരെ | അഞ്ജലി. ആർ<br>ദിവ്യ. വി | | അമൃത രമേശ് |
| രൂപമാറ്റം (ഐസ്) | ഐസ് വെയിലത്തുവെച്ചാൽ എന്ത് സംഭവിക്കും എന്ന പ്രശ്നം ചെയ്തശേഷം കുട്ടികളോട് നിരീക്ഷണം കുറിച്ച് എഴുതാൻ പറയുന്നു | | ബിന്ദു. കെ. പ്രഭാകർ<br>അഞ്ജലി. ആർ | | പ്രിയ വ്യാപിക. |
| വിത്ത് മുളക്കുന്നതിനുള്ള സാഹചര്യം | വിവിധ ഇനം വിത്തുകൾ കുട്ടികൾക്ക് നൽകി. | | ദിവ്യ. വി | | അഞ്ജലി. ആർ |

| | | | | | |
|---|---|---|---|---|---|
| | അനുയോജ്യമായ സ്ഥലത്ത് നടാൻ കുട്ടികൾക്ക് അവസരം നൽകുന്നു.<br>ചെക്ക് ലിസ്റ്റ് പൂർത്തിയാക്കുന്നു.<br>തുടർപ്രവർത്തനമായി വീട്ടിൽ ഒരു ചിരട്ട പദ്ധതി നൽകുന്നു. | 2025 ജൂലൈ 3 മുതൽ 2026 മാർച്ച് 13 വരെ | | | |

2025 – 26

| പ്രവർത്തനങ്ങൾ | ഉപ പ്രവർത്തനങ്ങൾ | സമയക്രമം | ചുമതല | സാമ്പത്തികം | മോണിറ്ററിങ് |
|---|---|---|---|---|---|
| ചലിക്കുന്ന വായുവിന് ശക്തിയുണ്ട്. | റോക്കറ്റ് നിർമ്മാണത്തിന്റെ പ്രവർത്തനവും, വിശറിയുടെ പ്രവർത്തനവും നിരീക്ഷിച്ച് നിരീക്ഷണങ്ങളെക്കുറിച്ചും പരീക്ഷണങ്ങളെക്കുറിച്ചും കണ്ടെത്താൻ പറയുന്നു. | 2025 ആഗസ്റ്റ് 9 മുതൽ 2026 മാർച്ച് 13 വരെ | ദിവ്യ.ഡി. | | പ്രധാനാധ്യാപിക |
| ലഘുപരീക്ഷണങ്ങളുടെ ശാസ്ത്ര ക്ലാസ് | പരീക്ഷണ സാമഗ്രികൾ പരിചയപ്പെടൽ, ഉപകരണം കൈകാര്യം ചെയ്യൽ ICT സാധ്യത ഉപയോഗപ്പെടുത്തുന്നു. | | അമൃത രമേഷ് | | |

2025 – 26

| പ്രവർത്തനങ്ങൾ | 2. പ്രവർത്തനങ്ങൾ | സമയക്രമം | സാമ്പത്തികം | ചുമതല | മോണിറ്ററിങ് |
|---|---|---|---|---|---|
| അറിയാം തെളിയാം | തീ കത്താൻ വായു ആവശ്യമാണോ എന്ന പ്രവർത്തനം നടത്തി നിരീക്ഷിക്കൽ | 2025 ആഗസ്റ്റ് 4 മുതൽ 2026 മാർച്ച് 3 വരെ | | ദിവ്യ.വി | പ്രധാനാധ്യാപിക. |
| ചെടിക്ക് ദാഹമോ | വേരുകൾ ജലം വലിച്ചെടുക്കുന്നുണ്ടോ എന്ന പ്രശ്നം ചർച്ച ചെയ്തതിന് ശേഷം നിരീക്ഷണത്തിനായി വിട്ടു നിരീക്ഷണത്തിന് ശേഷം കുറിപ്പ് തയ്യാറാക്കൽ | | | അനന്യ രമേഷ് | അമൃത. കെ.വി |

## ആമുഖം

നിത്യ ജീവിതത്തിൽ ഒട്ടേറെ പ്രായോഗിക പ്രശ്നങ്ങൾ കുട്ടികൾ സ്വയം കൈകാര്യം ചെയ്യേണ്ടതുണ്ട്. ഇതിന് ഗണിതത്തിലെ മൗലിക വസ്തുതകളായി ചതുഷ്ക്രിയകൾ സ്വായത്തമാക്കേണ്ടതുണ്ട്. ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിക്കുന്നതിനും നിർദ്ധാരണം ചെയ്യുന്നതിനും ആവശ്യമായ ശേഷികൾ കുട്ടികൾ നേടേണ്ടതുണ്ട്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയാണ് ഈ പ്രൊജക്ട്.

## ലക്ഷ്യങ്ങൾ.

* ഗണിതപഠനം രസകരമാക്കി തുടർപഠനത്തിൽ താത്പര്യം വർദ്ധിപ്പിക്കൽ.
* പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിക്കാനും, നിർദ്ധാരണം ചെയ്യാനും പ്രാപ്തരാക്കൽ.
* പ്രവർത്തനം സമയബന്ധിതമായി നടപ്പാക്കൽ.
* ( ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾ)

## പഠനപ്രവർത്തന സാമഗ്രികൾ

ചാർട്ട് പേപ്പർ, ബോൾ, സ്ഥാനവില പോക്കറ്റ് കാർഡുകൾ, ഡൈസ്, അബാക്കസ്, റിങ് കളിനോട്ടുകൾ, കളിപ്പാട്ടങ്ങൾ, ക്രയോൺ, പെൻസിൽ, സ്കെച്ച് പെൻ, മാർക്കർ, ചോക്ക്

## പ്രവർത്തന പരിപാടി

2025 ജൂൺ മാസം മുതൽ 2026 മാർച്ച് മാസം വരെ നിശ്ചിത ദിവസങ്ങളിൽ മാസത്തിൽ 2 ക്ലാസുകൾ വീതം പ്രവർത്തനങ്ങൾ നടത്തുന്നു.

പരിപാടിയിൽ പ്രീടെസ്റ്റ്, വിലയിരുത്തൽ, സംഖ്യകൾ നിർമ്മിക്കൽ, സംഖ്യാമാല, ചോദ്യോത്തരപ്പയറ്റ്, സംഖ്യാമരം, ചങ്ങാതിയെ കണ്ടെത്തൽ, ഡൈസ് കളി, അബാക്കസ് കളി, ചില്ലറ മാറ്റം, സംഖ്യവെട്ടിക്കളി, സഞ്ചിയിലെ ബാക്കി കണ്ടെത്തൽ.

| പ്രവർത്തനങ്ങൾ | ഉപ പ്രവർത്തനങ്ങൾ | സമയക്രമം | ചുമതല | സാമ്പത്തികം | മോണിറ്ററിങ് |
|---|---|---|---|---|---|
| പ്രീ ടെസ്റ്റ് വിലയിരുത്തൽ | ഫോർമാറ്റ് തയ്യാറാക്കൽ കണ്ടെത്തലുകൾ രേഖപ്പെടുത്തൽ | 2025 ജൂൺ 13 മുതൽ 25 വരെ | ദിവ്യ.വി | 100 | അഞ്ജലി. ആർ |
| സംഖ്യ നിർമ്മിക്കൽ | അക്കകാർഡുകൾ ഉപയോഗിച്ച് സ്ഥാനവില പോക്കറ്റിൽ രണ്ടക്ക സംഖ്യ രൂപീകരിക്കൽ ആവശ്യപ്പെടുന്നു. അതിനുശേഷം രൂപീകരിച്ച സംഖ്യ ഏതാണെന്ന് പറയാൻ അവസരം നൽകുന്നു. | 2025 ജൂലൈ 3 മുതൽ ഒക്ടോബർ 15 വരെ | നിമ്യ കെ പ്രഭാകർ<br>അളക. കെ.വി | 500 | പ്രധാനാധ്യാപിക. |
| സംഖ്യാമാല | പാറ്റേൺ പൂർത്തിയാകാത്ത സംഖ്യാബോർഡുകൾ തൂക്കുന്നു. ബോൾ മാല പൂർത്തിയാക്കൽ | | | | |

2025–26

| പ്രവർത്തനങ്ങൾ | 2. പ്രവർത്തനങ്ങൾ | സമയക്രമം | ചുമതല | സംബന്ധിതം | മോണിറ്ററിങ്ങ് |
|---|---|---|---|---|---|
| ചോദ്യോത്തര ചെയറ് | ഈ പ്രവർത്തനം 2 ഗ്രൂപ്പായിട്ടാണ് നടത്തുന്നത്. ഒരു ഗ്രൂപ്പ് ഒരു മൂന്നക്ക സംഖ്യ പറയുന്നു. രണ്ടാമത്തെ ഗ്രൂപ്പ് ആ സംഖ്യയെ സ്ഥാനവിലയുടെ അടിസ്ഥാനത്തിൽ പിരിച്ചു പറയുന്നു. ഇതുപോലെ നാലക്കസംഖ്യ വരുന്ന പ്രവർത്തനം ചെയ്യിക്കുന്നു. | നവംബർ 2 മുതൽ 2026 മാർച്ച് വരെ | അഞ്ജലി. എൻ<br>അമൃത രമേഷ് | 250 | ദിവ്യ.വി |
| സംഖ്യാമരം | സംഖ്യാമരത്തിലെ സംഖ്യകൾ ആരോഹണ ക്രമത്തിലും, അവരോഹണ ക്രമത്തിലും എഴുതി വച്ചു | | അളക. കെ.വി<br>വിന്ധ്യ.കെ. പ്രഭാകർ | 100 | പ്രധാനാധ്യാപിക. |

2025 – 26

| പ്രവർത്തനങ്ങൾ | ഉപപ്രവർത്തനങ്ങൾ | സമയക്രമം | ചുമതല | സാമ്പത്തികം | മോണിറ്ററിങ് |
|---|---|---|---|---|---|
| പഠനയാത്ര | പഠനയാത്രയുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നൽകുന്നു. | 2025 ജൂലൈ മുതൽ 2026 മാർച്ച് വരെ | ദിവ്യ.വി<br>അമന്യു രമേഷ് | 100 | പ്രധാനാധ്യാപിക |
| കച്ചവടക്കളി | ക്ലാസിൽ കളിപ്പാട്ടങ്ങൾ കൊണ്ടുവന്ന് കളിപ്പാട്ടങ്ങൾക്ക് വില നൽകി കച്ചവടക്കളി നടത്തുന്നു. തുടർപ്രവർത്തനങ്ങൾ നൽകുന്നു. | | നിത്യ.കെ. പ്രഭാകർ<br>അളക.കെ.വി | 1000 | പ്രധാനാധ്യാപിക. |